(സി) എങ്കിൽ സർവേ നടത്തി ഒരു ട്രഷറി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) തൽക്കാലം നിർവാഹമില്ല.

(ബി) ഉണ്ട്.

(സി) ട്രഷറി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായ ശേഷം ഇതേക്കുറിച്ച് ആലോചിക്കാവുന്നതാണ്.

33 (1074) കേരളത്തിലെ ട്രഷറികൾ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സബ്ട്രഷറികളും എത്ര വൺമാൻ ട്രഷറികളും പ്രവർത്തിക്കുന്നുണ്ട്;

(ബി) കേരളത്തിലെ ട്രഷറികൾ എല്ലാം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ട്രഷറി സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ വൺമാൻ ട്രഷറിയോ മിനിട്രഷറിയോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 162 സബ്ട്രഷറികളും 17 വൺമാൻ ട്രഷറികളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി പുതിയ ഏകാംഗ ട്രഷറികൾ അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്നതോടുകൂടി ട്രഷറി സൗകര്യം എല്ലായിടത്തും ലഭ്യമാകും.

34 (1075) പൊതുമേഖലാ സ്ഥാപനങ്ങൾ ട്രഷറികളിൽ നിക്ഷേപിച്ച തുക

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, വാട്ടർ അതോറിറ്റി, വിവിധ തൊഴിലാളി ക്ഷേമനിധികൾ, മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഓരോ വർഷവും എന്തു തുക വീതം പബ്ളിക് ഡെബ്റ്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനങ്ങൾ ഇതേ കാലയളവിൽ എന്തു തുകവീതം സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ഫിക്സ്ഡ് ഡെപ്പോസിറ്റ്, കറണ്ട് അക്കൗണ്ട് എന്നീ അക്കൗണ്ടുകളിൽ സംസ്ഥാനത്തുള്ള ഗവണ്മെന്റ് ട്രഷറികളിൽ നിക്ഷേപിച്ചിട്ടുണ്ട്;

(സി) ഇത്തരം നിക്ഷേപത്തിനോരോന്നിനും ഈ കാലയളവിൽ ഇതുവരെ കൊടുത്ത പലിശയെത്രയെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു വരുന്നു.

35 (1076) സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടനയിൽ മാറ്റം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാന ഘടന ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾക്കനുഗുണമായി വൻതുകയുടെ ഒരു സമ്മാനത്തിനുപകരം പല സമ്മാനങ്ങളാക്കിമാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അൻപതു ലക്ഷം രൂപയുടെ ഒരു സമ്മാനം ഏർപ്പെടുത്തുന്നതിനു പകരം പത്തുലക്ഷത്തിന്റെ അഞ്ചുസമ്മാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ സംഖ്യാനുപാതികമായുള്ള സമ്മാന ഘടന ഏർപ്പെടുത്തുവാനുള്ള നിയമമാവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) ബിസിനസ് സ്വഭാവമുള്ള സംരംഭമാണ് ഭാഗ്യക്കുറി പ്രസ്ഥാനം. വലിയതുകയ്ക്കുള്ള സമ്മാനം വാഗ്ദാനം ചെയ്യുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ വാങ്ങുവാനാണ് പൊതുജനങ്ങൾക്ക് താൽപര്യം കൂടുതലായികാണുന്നത്. ആയതിനാൽ ഒരു വലിയ സമ്മാനം വിഭജിച്ച് പല ചെറിയ സമ്മാനങ്ങളായി മാറ്റിക്കൊണ്ട് സമ്മാനഘടന പരിഷ്ക്കരിക്കുമ്പോൾ പ്രസ്തുത ലോട്ടറി വിൽപ്പന പുറം തള്ളാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടാണ് വലിയ സമ്മാനങ്ങൾ ചേർത്ത് സമ്മാനഘടന ഉണ്ടാക്കുന്നത്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

(സി) ടിക്കറ്റുകളുടെ വിൽപ്പനയ്ക്ക് ആനുപാതികമായാണ് നിലവിലുള്ള സമ്മാനഘടനകൾ തയ്യാറാക്കിയിരിക്കുന്നത്. ടിക്കറ്റ് വിൽപ്പന വർദ്ധിക്കുന്നതിനനുസരിച്ച് സമ്മാനങ്ങളുടെ എണ്ണവും വർദ്ധിപ്പിക്കുന്നുണ്ട്.

36 (1077) ഇൻസ്റ്റന്റ് ലോട്ടറി തടയാൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി ഇൻസ്റ്റന്റ് ലോട്ടറി ടിക്കറ്റ് വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കർശനമായി തടയാൻ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly